**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 438** **13-01-2021 - ൽ മറുപടിയ്ക്ക്**

**വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി കെ പ്രശാന്ത് | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | കിഫ്ബിയുടെ സാമ്പത്തികസഹായത്തോടെ നടപ്പാക്കുന്ന വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനത്തിന്റെ ഭാഗമായി എത്ര കിലോമീറ്റർ റോഡിന്റെ വീതിയാണ് വർദ്ധിപ്പിക്കുന്നതെന്നും എത്ര വീതിയാണ് നിശ്ചയിച്ചിട്ടുള്ളതെന്നും അറിയിക്കാമോ; | (എ) | നീളം 10.95 കിലോമീറ്റർ വീതി വിവിധയിടങ്ങളിലായി 13.6 മീറ്റർ RoW മുതൽ 18.5 മീറ്റർ RoW വരെ. |
| (ബി) | വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനത്തിന്റെ ഭാഗമായുള്ള റോഡ് വികസനവും വ്യാപാരസ്ഥാപനങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഷോപ്പിംങ്ങ് കോംപ്ലക്സ് നിർമ്മാണവും ഏത് ഏജൻസികളാണ് ഏറ്റെടുത്തിട്ടുള്ളതെന്നറിയിക്കുമോ ; | (ബി) | റോഡ് വികസനം KRFB യും ഷോപ്പിംങ്ങ് കോംപ്ലക്സ് നിർമ്മാണം TRIDA യും ആണ് ഏറ്റെടുത്തിട്ടുള്ളത് |
| (സി) | റോഡ് വികസനം, ഭൂമി ഏറ്റെടുക്കൽ എന്നിവയടക്കം വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനപദ്ധതിക്ക് കിഫ്ബി വഴി എത്ര തുകയാണ് അനുവദിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | റോഡ് വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതിന് 95 കോടി രൂപയും ഷോപ്പിംങ്ങ് കോംപ്ലക്സ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതിന് 27.0445 കോടി രൂപയും ആണ് KIIFB അനുവദിച്ചിട്ടുള്ളത് |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള റോഡ് വികസനം, ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എന്നിവയുടെ പുരോഗതി വിശദമാക്കുമോ? | (ഡി) | റോഡ് വികസനത്തിനും ഷോപ്പിംങ്ങ് കോംപ്ലക്സ് നിർമ്മാണത്തിനും ഉള്ള ഭൂമി ഏറ്റെടുക്കൽ നടന്നുവരുകയാണ്. റോഡ് നിർമ്മാണ പദ്ധതിയുടെ സാങ്കേതിക അവലോകന റിപ്പോർട്ട് (TAR) മറുപടി റിപ്പോർട്ടിനായി SPV-യ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയ്ക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ